## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3192** **07-11-2019 ൽ മറുപടിക്ക്**

**കുടിശ്ശിക വരുത്തുകയും വ്യവസ്ഥകൾ ലംഘിക്കുകയും ചെയ്ത പാട്ടഭൂമി തിരിച്ചെടുക്കൽ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സംഘടനകൾക്കും വ്യക്തികൾക്കും പാട്ടത്തിന് പതിച്ച് നൽകിയ ഭൂമി പാട്ടവ്യവസ്ഥകൾ ലംഘിച്ച് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും, സംഘടനകൾക്കും പാട്ട വ്യവസ്ഥയിൽ അനുവദിച്ച് നൽകിയ സർക്കാർ ഭൂമി പാട്ട വ്യവസ്ഥ ലംഘിച്ച് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം കണ്ടെത്തിയ പാട്ട കേസുകളിലെല്ലാം നിയമാനുസൃത നോട്ടീസ് നൽകി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുന്നതിനും ലീസ് റദ്ദ് ചെയ്ത് പാട്ട ഭൂമി സർക്കാർ അധീനതയിൽ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം ലാൻഡ് റവന്യൂ കമ്മീഷണർ നേരിട്ടും രേഖാമൂലവും നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) നം. 55/17/റവ തീയതി 18.02.2017, ജി.ഒ (എം.എസ്) നം. 161/17/റവ തീയതി 20.05.2017 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ കേസുകൾ പരിശോധിക്കുന്നതിനായി ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറെയും റവന്യൂ-ധനം-നിയമവകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു സമിതി രൂപീകരിക്കുകയും ടി സമിതി വിവിധ യോഗങ്ങൾ ചേർന്ന് പാട്ട കുടിശ്ശിക നിവാരണത്തിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.<br>കൂടാതെ 2019-ലെ ബഡ്ജറ്റ് പ്രസംഗങ്ങൾ പാട്ടകുടിശ്ശിക തീർപ്പാക്കുന്നതിനു വേണ്ട പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നിയമഭേദഗതിയടക്കമുള്ള നടപടിക്രമങ്ങളും സർക്കാരിന്റെ പരിഗണനയിലാണ്. |

(ബി) പാട്ടക്കുടിശ്ശിക വരുത്തിയ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച ഭൂമിയും തിരിച്ചെടുക്കുന്നതിന് വ്യവസ്ഥയുണ്ടോ;

(ബി) പാട്ടക്കുടിശ്ശിക വരുത്തിയ ഭൂമിയും പാട്ട വ്യവസ്ഥ ലംഘിച്ച ഭൂമിയും തിരിച്ചെടുക്കുന്നതിന് കേരള ഭൂപതിവ് നിയമം 1964 ലെ ചട്ടങ്ങളിൽ ചട്ടം 15 (4) ലും കേരള മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂപതിവ് നിയമം 1995 ലെ ചട്ടങ്ങളിൽ ചട്ടം 17 ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) എങ്കിൽ ഈ സർക്കാർ നിലവിൽ വന്നശേഷം അത്തരത്തിൽ എത്ര ഹെക്ടർ ഭൂമിയാണ് തിരിച്ചെടുത്തത്; വ്യക്തമാക്കാമോ;

(സി) ആകെ 6.9749 ഹെക്ടർ ഭൂമിയാണ് അപ്രകാരം തിരിച്ചെടുത്തിട്ടുള്ളത്. ആയത് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ജില്ല** | **എത്ര ഹെക്ടർ ഭൂമിയാണ് തിരിച്ചെടുത്തത്** |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 0 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 1.09 ഹെക്ടർ |
| കോട്ടയം | 0.1215 ഹെക്ടർ |
| ഇടുക്കി | 0 |
| എറണാകുളം | 5.7572 ഹെക്ടർ |
| തൃശ്ശൂർ | 0 |
| പാലക്കാട് | 0.002285 ഹെക്ടർ |
| മലപ്പുറം | 0 |
| കോഴിക്കോട് | 0 |
| വയനാട് | 0.0040 ഹെക്ടർ |
| കണ്ണൂർ | 0 |
| കാസറഗോഡ് | 0 |
| **ആകെ** | **6.9749 ഹെക്ടർ** |

(ഡി) 2016- ന് ശേഷം പാട്ടത്തുകയിൽ എന്തെങ്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) ഇല്ല.

**സെക്ഷൻ ഓഫീസർ**